സായ് സെന്റർ ആരംഭിക്കാൻ നടപടി

130 [1963] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*

„ *എ. സി. മൊയ്തീൻ:*

„ *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു സായ് (എസ്. എ. ഐ.) സെന്റർ ആരംഭിക്കാൻ സാദ്ധ്യതകൾ ഉണ്ടെന്ന് പാർലമെന്റ് ഉപസമിതി പ്രകടിപ്പിച്ച അഭിപ്രായം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ലക്ഷ്മിഭായി നാഷണൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിനോടനുബന്ധിച്ച് ആവശ്യമായ സ്ഥലം 'സായി' സെന്ററിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിൽ സായ് സെന്റർ സ്ഥാപിച്ചു കിട്ടുന്നതിനായി കൊല്ലം ജില്ലയിലെ കോട്ടുക്കലിലെ അഗ്രിക്കൾച്ചറൽ ഫാമിൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

സ്റ്റേഡിയങ്ങളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം

131 [1964] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സ്റ്റേഡിയങ്ങളിലാണ് അത്‌ലറ്റിക് സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്;

(ബി) നാളിതുവരെയായി ഓരോന്നിനും എന്ത് തുക ചെലവിട്ടു; ഇവ പൂർത്തീകരിക്കുന്നതിനായി എന്ത് തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഓരോന്നിന്റേയും നിർമ്മാണ ഘട്ടത്തെക്കുറിച്ച് വ്യക്തമാക്കാമോ?

GPM. 2/566/2012—22

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യൂണിവേഴ്സിറ്റി സ്റ്റേഡിയം തിരുവനന്തപുരം, മഹാരാജാസ് കോളേജ് സ്റ്റേഡിയം എറണാകുളം എന്നിവിടങ്ങളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം, കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയം എന്നിവിടങ്ങളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമായിട്ടുമുണ്ട്.

(ബി) തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്കിനായി 100 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിന്റെ പണിക്കുള്ള കരാർ ഹോങ്കോങ് ആസ്ഥാനമായുള്ള ഒരു വിദേശ കമ്പനിയുമായി ഒപ്പ് വച്ചിട്ടുണ്ട്. കൊച്ചി മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്ക് ഇടുന്നതിന് 5,06,43,426 രൂപ ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ പണി നടപ്പാക്കുന്ന ഏജൻസിയായ സ്പോർട്സ് കൗൺസിൽ ഇതുവരെ 11,75,646 രൂപ ചെലവാക്കിയിട്ടുണ്ട്.

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെയും, കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിന്റെയും പണികൾക്ക് തുക അനുവദിക്കേണ്ട ഘട്ടമായിട്ടില്ല.

(സി) തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന്റെ പണി 3 മാസം കൊണ്ട് പൂർത്തിയാക്കുമെന്ന വ്യവസ്ഥയിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൊച്ചി മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്ക് ഇടുന്ന പണിയുടെ ടെണ്ടർ വിളിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെയും, കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിന്റെയും പണികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly